**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737** **28-01-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രസരണ-വിതരണ മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. പി. ടി. എ. റഹീം, ശ്രീ എം രാജഗോപാലൻ, ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി പ്രസരണ-വിതരണ മേഖലയിൽ നിലവിലെ സർക്കാരിന്റെ ഇടപെടലുകൾ കൊണ്ട് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളായ ദ്യുതി 1, ദ്യുതി 2 തുടങ്ങിയവ നടപ്പിലാക്കിയത് വഴി വിതരണ നഷ്ടം കുറയ്ക്കുവാനും വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും അപകടസാധ്യതയുള്ള പഴയ ലൈനുകളും ഉപകരണങ്ങളും മാറ്റിയതിലൂടെ പൊതുസുരക്ഷയും ജീവനക്കാരുടെ സുരക്ഷയും വർദ്ധിപ്പിക്കുവാനും വൈദ്യുതി വിതരണത്തിലെ സ്ഥിരത മെച്ചപ്പെട്ടതോടെ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുവാനും തൽഫലമായി പരാതികൾ ഗണ്യമായി കുറയ്ക്കുവാനും സാധിച്ചു. 2017-2018-ൽ 9.39% ആയിരുന്ന വിതരണ നഷ്ടം, ദ്യുതി 1, 2 പദ്ധതി നടപ്പിലാക്കിയതിന് ശേഷം 2024-2025 സാമ്പത്തിക വർഷത്തിൽ 6.61% ആയി കുറഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പാക്കാൻ, 2016 -2017 ൽ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, 2018 മുതൽ ബിപിഎൽ കുടുംബങ്ങൾക്ക് പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതി, ആദിവാസി നഗറുകളുടെ വൈദ്യുതീകരണം, അംഗൻവാടികളുടെ വൈദ്യുതീകരണം തുടങ്ങിയവയും നടപ്പിലാക്കി.<br><br>വൈദ്യുതി കണക്ഷൻ അതിവേഗം നല്കുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസ ഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ-രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. 02.11.2018- ലെ ബോർഡ് ഉത്തരവ് പ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ, ലൈബ്രറികൾ, കലാ സാസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും ചെയ്തു. കൂടാതെ തറവാട്ടു വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം കണക്ഷൻ നല്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്.<br><br>**പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ.** |

| | | | |
|---|---|---|---|
| | | | 1. വളരെക്കാലമായി മുടങ്ങിക്കിടന്ന 400kV ലൈൻ (ഇടമൺ-കൊച്ചി പവർ ഹൈവേ) സർക്കാർ ഇടപെടൽമൂലം യാഥാർഥ്യമായി.<br>2. വടക്കൻ കേരളത്തിന്റെ വൈദ്യുതി പ്രശ്നത്തിന് ശാശ്വത പരിഹാരമായ UKTL, TBCB വഴി നിർമ്മിക്കുന്ന ഉഡുപ്പി-കാസർഗോഡ് EHT ലൈൻ കോമ്പൻസേഷൻ പാക്കേജ്, തർക്കത്തെ തുടർന്ന് മുടങ്ങികിടക്കുകയായിരുന്നു. പുതിയ കോമ്പൻസേഷൻ പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ മുടങ്ങിക്കിടന്ന ലൈൻ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്.<br>3. കെ.എസ്.ഇ.ബി-യുടെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിലൂടെ 110kV യുടെ 6 സബ്സ്റ്റേഷനുകളും, 33kV യുടെ 4 സബ്സ്റ്റേഷനുകളും, 66kV യിൽ നിന്ന് 110kV ആക്കി ശേഷി ഉയർത്തിയ 11 സബ്സ്റ്റേഷനുകളും, 122.62km 110kV, 123.56km 110kV DC, 161.59 km 33kV, 7km 33kV DC എന്നീ ലൈനുകളും പൂർത്തിയാക്കി ചാർജ്ജ് ചെയ്തു. കൂടാതെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ 400kV യുടെ ഒരു സബ്സ്റ്റേഷനും, 220kV യുടെ 7 സബ്സ്റ്റേഷനുകളും, 391.82cktkm (സർക്യൂട്ട് കിലോമീറ്റർ) 220kV, 535.59cktkm 110kV എന്നീ ലൈനുകളും പൂർത്തിയാക്കി ചാർജ്ജ് ചെയ്തു.<br>4. റീ ബിൽഡ് കേരള ഇനിഷിയേറ്റിവ് (RKI) സ്കീമിൽ ഉൾപ്പെടുത്തി കാവാലം 110kV സബ്സ്റ്റേഷൻ നിർമ്മാണത്തിനും, 66kV കുട്ടനാട് സബ്സ്റ്റേഷൻ upgradation നും കിടങ്ങറ 33kV സബ്സ്റ്റേഷൻ നിർമ്മാണത്തിനുമായി 53.55 കോടി രൂപ അനുവദിച്ചു.<br>5. പ്രസരണ മേഖലയിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലെ ഫെയ്സ് 2 സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള രാമക്കൽമേട് ഗ്രീൻ എനർജി കോറിഡോർ പദ്ധതി (RGC), അട്ടപ്പാടി ഗ്രീൻ എനർജി കോറിഡോർ പദ്ധതി (AGC) എന്നീ പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവൽ എനർജി മന്ത്രാലയത്തിൽനിന്നും ഗ്രാൻഡ് ആയി (CFA), പദ്ധതി ചെലവിന്റെ 33% തുക ₹138.71 കോടി , അനുവദിക്കപ്പെട്ടിട്ടുണ്ട്. ഉത്തര ഹരിതോർജ്ജ ഇടനാഴി പദ്ധതിക്ക് (NGC) 60 മില്യൺ യൂറോയും AGC, RGC പദ്ധതികൾക്കായി 42.11 മില്യൺ യൂറോയും സർക്കാരിന്റെ ഇടപെടലുകൾ വഴി വായ്പ ഇനത്തിൽ, ജർമ്മൻ ബാങ്കായ KfW-ൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ കെഎസ്ഇബിഎൽ-ന് അനുവദിച്ചിട്ടുണ്ട്. KIIFB വായ്പയായി നിലവിലെ സർക്കാരിന്റെ കാലയളവിൽ കെഎസ്ഇബിഎൽ-ന് ₹1114.42 കോടി ലഭിച്ചിട്ടുണ്ട്. പ്രസരണമേഖലയിൽ സമഗ്ര വികസനം നടപ്പിൽ വരുത്തുന്നതിന് ഇത്തരം ഇടപെടലുകൾ സഹായകരമായിട്ടുണ്ട്. |
| (ബി) | നിലവിൽ വൈദ്യുതി പ്രസരണ നഷ്ടം എത്രയാണെന്നും ഈ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ പ്രസരണ നഷ്ടം എത്രയായി കുറയ്ക്കാമെന്നാണ് കണക്കാക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | 2024 – 25 സാമ്പത്തിക വർഷത്തിലെ പ്രസരണ നഷ്ടം 2.86% ആയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിലെ പ്രസരണ വിതരണ നഷ്ടം 9.27% ആയിരുന്നു.<br><br>ഈ സാമ്പത്തികവർഷത്തിലെ രണ്ടാം പാദത്തിലെ കണക്കുകൾ പ്രകാരം പ്രസരണ നഷ്ടം ഉയർന്ന ഉപഭോഗത്തിന്റെ 3.27% ആണ്. വൈദ്യുതി ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകളുടെ വോൾട്ടത ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ ദീർഘകാല പ്രസരണ ആസൂത്രണപദ്ധതി (Long Term Transmission Plan) ന് അനുസൃതമായി ട്രാൻസ്ഗ്രിഡ് മുഖേനയും, CAPEX -ൽ ഉൾപ്പെടുത്തിയും, പൂർത്തീകരിക്കുന്നതിലൂടെ പ്രസരണ നഷ്ടം ഉയർന്ന ഉപഭോഗത്തിന്റെ 3% ൽ താഴെയായി നിലനിർത്താനാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ 5 വർഷക്കാലയളവിലെ വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി വൈദ്യുതി പ്രസരണ നഷ്ടം മുൻ വർഷങ്ങളെ അപേക്ഷിച്ച് 15%ത്തോളം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പ്രസരണ നഷ്ടം കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നായി മാറുന്നതിന് കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. പ്രസരണ നഷ്ടം, സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉത്പാദനം, വൈദ്യുതിയുടെ ഉപഭോഗം, പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും പൂർത്തീകരണം എന്നിവയ്ക്ക് അനുസരിച്ച് |

<table>
<tr><td></td><td></td><td></td><td>വ്യത്യാസപ്പെടുന്നതാണ്. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിയ്ക്കുന്നതിനും, വൈദ്യുത പ്രസരണ ശൃംഖലയും സബ്സ്റ്റേഷനുകളുടെ എണ്ണവും വൈദ്യുതി ഉപഭോഗത്തിന് അനുസരിച്ച് വർദ്ധിപ്പിയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(സി)</td><td>ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;</td><td>(സി)</td><td>സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും അതിനനുസൃതമായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വ്യക്തമായ ലക്ഷ്യത്തോടെ ദീർഘ കാല പ്രസരണ ആസൂത്രണപദ്ധതി (Long Term Transmission Plan) ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ട്രാൻസ്ഗ്രിഡ് 2.0 ന്റെ രണ്ടാം ഘട്ടം നടപ്പിലാക്കിവരുന്നു. ഈ രണ്ടാംഘട്ട പദ്ധതിയിൽ ഗ്രീൻ എനർജി കോറിഡോർ വിഭാഗങ്ങളിൽ ഉൾപ്പെടെ 220 കെവി സബ്സ്റ്റേഷനുകൾ (10 എണ്ണം), ഒരു 400 കെവി സബ്സ്റ്റേഷൻ, ഒരു 110 കെവി സബ്സ്റ്റേഷൻ, കൂടാതെ ഏകദേശം 1309 കിലോമീറ്റർ പുതിയ ലൈനുകളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് Uduppi Kasargode Transmission Limited (UKTL) എന്ന കമ്പനി സ്ഥാപിക്കുന്ന 400 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ പയ്യമ്പിള്ളിയിൽ കെ.എസ്.ഇ.ബി.എൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 400 kV സബ്സ്റ്റേഷനിലേക്ക് ഉള്ള 400 kV ലൈനിന്റെ നിർമ്മാണം ട്രാൻസ്ഗ്രിഡിന്റെ കീഴിൽ നടപ്പിലാക്കി വരുന്നു. ഹരിതോർജ്ജ ഇടനാഴി പദ്ധതിയിൽ (NGC) ഉൾപ്പെടുത്തിയാണ് ടി ലൈൻ നിർമ്മിക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാരിന്റെ കാലയളവിൽ ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഉല്പാദന, പ്രസരണ, വിതരണ മേഖലകളിൽ നിക്ഷേപിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:
<table>
<tr><th>Year</th><th>Generation</th><th>Transmission</th><th>Distribution</th><th>Total<br>(Rs. in crore)</th></tr>
<tr><td>2020-21</td><td>261.81</td><td>1219.61</td><td>1537.86</td><td>3019.28</td></tr>
<tr><td>2021-22</td><td>483.28</td><td>1024.19</td><td>1631.28</td><td>3138.75</td></tr>
<tr><td>2022-23</td><td>329.99</td><td>1032.73</td><td>1577.53</td><td>2940.25</td></tr>
<tr><td>2023-24</td><td>427.92</td><td>1265.46</td><td>1465.23</td><td>3158.61</td></tr>
<tr><td>2024-25</td><td>323.33</td><td>855.99</td><td>2050.40</td><td>3229.72</td></tr>
<tr><td>Total</td><td>1826.33</td><td>5397.98</td><td>8262.3</td><td>15486.61</td></tr>
</table>
ഈ സർക്കാരിന്റെ കാലയളവിൽ ₹1709.78 കോടി രൂപ ട്രാൻസ്ഗ്രിഡ് പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ